

# Palakkad Police Action

www.facebook.com/palakkadpolice
www.twitter.com/DpcPalakkad

## സ്കൂട്ടറിൽ കടത്തുകയായിരുന്ന രണ്ട് കിലോ ഗ്രാം കഞ്ചാവുമായി തമിഴ്നാട് സ്വദേശികൾ പുതുശ്ശേരിയിൽ അറസ്റ്റിൽ

കേരളത്തിലേക്ക് സ്കൂട്ടറിൽ കടത്തിക്കൊണ്ടു വന്ന രണ്ട് കിലോഗ്രാം കഞ്ചാവുമായി രണ്ട് കോയമ്പത്തൂർ സ്വദേശികളെ ഡാൻസാഫ് സ്ക്വാഡും , കസബ പോലീസും സംയുക്തമായി നടത്തിയ വാഹന പരിശോധനയിൽ ഇന്നലെ രാത്രി പുതുശ്ശേരി , നാഷണൽ ഹൈവേയിൽ കുരുടിക്കാട് എന്ന സ്ഥലത്തു വച്ച് പിടികൂടി. കോയമ്പത്തൂർ, ഉക്കടം , സ്വദേശികളായ ബഷീർ, വ :37, ഇമാമുദ്ദീൻ, വ : 44 എന്നിവരെയാണ് പോലീസ് അറസ്റ്റു ചെയ്തത്.പിടിച്ചെടുത്ത കഞ്ചാവിന് രണ്ട് ലക്ഷം രൂപ വില വരും. പാലക്കാട് ഭാഗത്തുള്ള ചെറുകിട കച്ചവടക്കാരന് കൈമാറാൻ കൊണ്ടുവന്നതാണെന്ന് പ്രതികൾ പറഞ്ഞു.

പാലക്കാട് ജില്ല പോലീസ് മേധാവി സുജിത്ത് ദാസ് IPS ന്റെ നിർദ്ദേശത്തെത്തുടർന്ന് നർകോട്ടിക് സെൽ DySP C.D. ശ്രീനിവാസന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്. പുതുവത്സരദിനാഘോഷത്തിന്റെ ഭാഗമായി കേരളത്തിലേക്ക് ഒഴുകുന്ന ലഹരിക്കടത്ത് തടയുവാൻ നടത്തി വരുന്ന പ്രത്യേക വാഹന പരിശോധനയിലാണ് പ്രതികൾ വലയിലായത്.

കസബ സബ് ഇൻസ്പെക്ടർ G.B ശ്യാംകുമാർ, CPO മാരായ വിമൽ കുമാർ, സനൽ , ഹോം ഗാർഡ് പ്രദീപ്, ഡാൻസാഫ് സ്ക്വാഡ് അംഗങ്ങളായ S. ജലീൽ, T.R. സുനിൽ കുമാർ, K. അഹമ്മദ് കബീർ, S. ഷനോസ്, R. രാജീദ്, S. ഷമീർ, എന്നിവരടങ്ങിയ സംഘമാണ് കഞ്ചാവ് പിടികൂടിയത്.